## പതിമൂന്നാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3010 21.6.2013 ലെ മറുപടിക്ക്**
**നോർക്ക വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.എസ് സലീഖ | ശ്രീ കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) നോർക്ക വകുപ്പിൽ ഇപ്പോൾ എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ച് ഓരോരുത്തരുടെയും ശമ്പളത്തിന്റെ വിശദാംശം വ്യക്തമാക്കുമോ ; | (എ, ബി, സി) നോർക്ക റൂട്ട്സിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരം അനുബന്ധം 1,2,3 ആയും കേരള പ്രവാസി കേരളീയ കാര്യ ക്ഷേമബോർഡിലെ ജീവനക്കാരെ സംബന്ധിക്കുന്ന വിവരം അനുബന്ധം 4-ആയും ഉൾക്കൊളളിച്ചിട്ടുണ്ട്. |
| (ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര പേരെ ഏതെല്ലാം തസ്തികകളിൽ ഡെപ്യൂട്ടേഷനും മറ്റു ക്രമീകരണങ്ങളും വഴി നിയമിച്ചു ; അവർ ആരെല്ലാം; അവരുടെ ശമ്പള സ്കെയിൽ ഉൾപ്പെടെയുള്ള വിശദാംശം വ്യക്തമാക്കുമോ; | |
| (സി) മൊത്തം ജീവനക്കാരിൽ ഓരോരുത്തരുടെയും നിയമനം എപ്രകാരമായിരുന്നു; തസ്തിക തിരിച്ച് വിശദാംശം വ്യക്തമാക്കുമോ; | |

| | |
|---|---|
| (ഡി) നോർക്ക റൂട്ട്സിലെ ഏതെല്ലാം ഉദ്യോഗസ്ഥർ എത്ര വിദേശ യാത്രകൾ നടത്തിയിട്ടുണ്ട്; അവർ ആരെല്ലാം; ഇതിനായി ഓരോരുത്തർക്കും ചെലവായ തുക എത്ര; വിശദാംശം ലഭ്യമാക്കുമോ; | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നോർക്ക റൂട്ട്സിലെ ഔദ്യോഗിക ആവശ്യങ്ങൾക്കായി നാല് വിദേശ യാത്രകൾ നടത്തിയിട്ടുളള തിനായി 2,10,080 രൂപയും ജനറൽ മാനേജർ ഔദ്യോഗിക ആവശ്യത്തി നായി നടത്തിയിട്ടുളള 2 വിദേശയാത്ര കൾക്കായി 56,099 രൂപയും വിമാനയാത്ര കൂലിയായി ചെലവഴിച്ചിട്ടുണ്ട്. ഇതിനു പുറമെ 2013 ജൂൺ 6-ാം തീയതിമുതൽ 9-ാം തീയതി വരെ നോർക്ക റൂട്ട്സ് ജനറൽ മാനേജർ നിതാഖത്തിനോട നുബന്ധിച്ച് സൗദി അറേബ്യ സന്ദർശിച്ചിരുന്നു. അതിന്റെ ചെലവ് കണക്കാക്കിയിട്ടില്ല. |
| (ഇ) നോർക്കാ ഉദ്യോഗസ്ഥർ ഇന്ത്യയിൽ എത്ര വിമാനയാത്രകൾ നടത്തിയിട്ടുണ്ട്; എവിടെയെല്ലാം; എന്തു തുക ഇതിനായി ചെലവായി; വിശദാംശം ലഭ്യമാക്കുമോ; | (ഇ) നോർക്ക റൂട്ട്സിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഇന്ത്യയ്ക്കകത്ത് 20 വിമാനയാത്ര കൾക്കായി 3,78,760 രൂപയും ജനറൽ മാനേജർ ഓഫീസ് ആവശ്യങ്ങൾക്കായി ഇന്ത്യക്കകത്ത് നടത്തിയ 14 വിമാനയാത്രകൾക്കായി 1,40,590 രൂപയും ചെലവഴിച്ചിട്ടുണ്ട്.<br>കേരള പ്രവാസി ക്ഷേമ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മാനേജർ (ഫിനാൻസ്) എന്നിവർ മുംബൈ മലയാളി സംഘടന കളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും മറുനാടൻ മലയാളികൾക്കിടയിൽ ക്ഷേമ |

| | |
|---|---|
| | ബോർഡിന്റെ പ്രവർത്തങ്ങളെയും പദ്ധതികളെയും കുറിച്ച് അവബോധം നൽകുന്നതിനായി നടത്തിയ യാത്രക്ക് 18,852 രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (എഫ്) നോർക്കയിലെ നിയമനങ്ങൾക്കായി എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ;. എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ല എങ്കിൽ അതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | (എഫ്) നോർക്ക റൂട്ട്സിലും കേരള പ്രവാസി കേരളീയ ക്ഷേമബോർഡിലും സ്ഥിരം നിയമനങ്ങൾക്കുള്ള റിക്രൂട്ട്മെന്റ് റൂൾസ് സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്